# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2619**.

**09-05-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷി കർഷകർക്ക് ഉല്പാദന ബോണസ്സ്

**ചോദ്യം**
ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട്; നെൽകൃഷി കർഷകർക്ക് ഹെക്ടറിന് എത്ര രൂപയാണ് നിലവിൽ ഉല്പാദന ബോണസ്സ് നൽകിവരുന്നത്; | (എ) | സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പ് ഏറ്റവും ഒടുവിൽ പ്രസിദ്ധപ്പെടുത്തിയ കണക്ക് പ്രകാരം 2015-16 വർഷം 1,96,870 ഹെക്ടറിലാണ് നെൽകൃഷി ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 5746 ഹെക്ടർ സ്ഥലത്ത് പുതിയതായി നെൽകൃഷി ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. നെൽകൃഷി ഉല്പാദന ബോണസായി ഹെക്ടറിന് ഒരു സീസണിലേയ്ക്ക് 1000/- രൂപ നിരക്കിലാണ് നെൽ കർഷകർക്ക് നൽകി വരുന്നത്. |
| (ബി) | ഇത് കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഉല്പാദന ബോണസ് കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ